**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2524** **23-02-2026 - ൽ മറുപടിയ്ക്ക്**

**വ്യവസായ സൗഹൃദ അന്തരീക്ഷം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാൻ നിലവിലെ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനായി 2016 മുതൽ തന്നെ നിരവധി നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി നിരവധി നിയമനിർമ്മാണങ്ങളും നിയമ ഭേദഗതികളും വരുത്തിയിരുന്നു. അതിലൂടെ സ്റ്റേറ്റ് ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാനിൽ (SBRAP) മികച്ച നേട്ടം കൈവരിക്കുവാനും സംസ്ഥാനത്തിന് കൂടുതൽ നിക്ഷേപം ലഭിക്കുന്നതിനും സാധിച്ചു.<br><br>സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുവാൻ മുന്നോട്ട് വരുന്ന സംരംഭകർക്കും നിലവിലുള്ള സംരംഭകർക്കും ഒരുപോലെ പ്രോത്സാഹനം നല്കുന്നതിനായി സർക്കാർ വിവിധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് ആരംഭിക്കുന്ന പുതിയ സംരംഭങ്ങൾക്കുള്ള അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' 2018-ൽ കൊണ്ടുവന്നിരുന്നു. ഈ നിയമപ്രകാരം വ്യാവസായിക അനുമതികളുടെ കാലാവധി അഞ്ച് വർഷമാക്കി ഉയർത്തുകയും അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ അതതു വകുപ്പുകൾ ലഭ്യമാക്കേണ്ടതുമാണ്; അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. ഈ വിധം എല്ലാ അനുമതികളും പരമാവധി 30 ദിവസത്തിനുള്ളിൽ ലഭ്യമാക്കാൻ കെ-സ്വിഫ്റ്റ് എന്ന ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ 22 വിവിധ വകുപ്പുകളുടെ 120-ഓളം അനുമതികളും ലൈസൻസുകളും ഈ സംവിധാനം |

വഴി സംരംഭകന് ലഭ്യമാകും. പുതിയ സംരംഭങ്ങൾക്ക് അനുമതി നൽകുന്നതോടൊപ്പം തന്നെ നിലവിലുള്ളവയുടെ അനുമതികൾ പുതുക്കിനൽകുന്നതിനും കെ-സ്വിഫ്റ്റിനെ സജ്ജമാക്കിയിട്ടുണ്ട്.

'കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' 2019-ൽ കൊണ്ടുവന്നിരുന്നു. ഈ നിയമപ്രകാരം മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡങ്ങൾ പ്രകാരം ചുവന്ന വിഭാഗത്തിൽ പെടാത്ത സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് മൂന്നരവർഷം വരെ സംസ്ഥാന നിയമങ്ങൾക്കു കീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. കെ-സ്വിഫ്റ്റിലൂടെ സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് കൈപ്പറ്റ് സാക്ഷ്യപത്രം കരസ്ഥമാക്കി സംരംഭം ഉടനടി തുടങ്ങാൻ സാധിക്കും. പ്രസ്തുത നിയമത്തിന് കീഴിൽ നാളിതുവരെ 92,030 സംരംഭങ്ങൾക്ക് തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രങ്ങൾ നൽകിയിട്ടുണ്ട്.

വ്യവസായ സ്ഥാപനങ്ങളിൽ വിവിധ സർക്കാർ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ കഴിവതും ഒരുമിച്ച് നടത്തുവാനും, അനാവശ്യ പരിശോധനകൾ ഒഴിവാക്കാനും വേണ്ടി കെ-സിസ് (Kerala Centralised Inspection System) എന്ന ഓൺലൈൻ ഏകീകൃത പരിശോധനാ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും സമയബന്ധിതമായി തീർപ്പാക്കുന്നതിനും വേണ്ടി നിയമപിന്തുണയുള്ള പരാതിപരിഹാര കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. 1999-ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ടാണ് ജില്ലാതലങ്ങളിലും സംസ്ഥാനതലത്തിലും പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

നിലവിലുള്ള സംരംഭങ്ങളുടെയും പുതുതലമുറ മേഖലകളിലെ സംരംഭങ്ങളുടെയും ഉന്നമനം ലക്ഷ്യമിട്ട് സംസ്ഥാനത്ത് പുതിയ വ്യവസായ നയം പ്രാബല്യത്തിൽ കൊണ്ടുവന്നിട്ടുണ്ട്. കേരളത്തിന് ഇണങ്ങുന്ന മേഖലകളിൽ വൻകിട നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാനും, സംസ്ഥാനത്തെ സാങ്കേതിക

| | | | |
|---|---|---|---|
| | | | വൈദഗ്ധ്യമുള്ള മാനവ വിഭവശേഷിയെ ശരിയാംവണ്ണം വിനിയോഗിക്കാൻ കഴിയുന്ന ആധുനിക സ്മാർട്ട് വ്യവസായങ്ങൾക്ക് പ്രത്യേക പരിഗണന നൽകുവാനും, അതിലൂടെ ത്വരിതഗതിയിലുള്ള സ്ഥായിയായ വ്യവസായവത്കരണം സാധ്യമാക്കാനും പുതിയ വ്യവസായ നയം ലക്ഷ്യമിടുന്നു. ഈ നയത്തിലൂടെ 22 മേഖലകളെ മുൻഗണനാ മേഖലകളാക്കുകയും, പ്രസ്തുത മേഖലകളിലെ സംരംഭങ്ങൾക്ക് 18 ഇൻസെന്റീവുകൾ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പ്രത്യേക മേഖലകളുടെ വികസനം ലക്ഷ്യംവച്ചുകൊണ്ട് കേരള ലോജിസ്റ്റിക്സ് പോളിസി, ESG പോളിസി, കേരള എക്സ്പോർട്ട് പ്രമോഷൻ പോളിസി, കേരള ഹൈടെക്ക് മാനുഫാക്ചറിംഗ് ഫ്രെയിംവർക്ക്, കേരള ഗ്രഫീൻ പോളിസി എന്നിവയും അംഗീകരിച്ച് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴിലുള്ള വ്യവസായ പാർക്കുകൾക്കായി പുതിയ ലാൻഡ് അലോട്ട്മെന്റ് റൂൾ നിലവിൽ വന്നു. ഇതിലൂടെ സംരംഭകർ വ്യവസായ പാർക്കുകളുമായി ബന്ധപ്പെട്ട് നാളുകളായി നേരിട്ടുകൊണ്ടിരുന്ന നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സർക്കാരിന് കഴിഞ്ഞു. കൂടാതെ, സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്കായി 3 കോടി വരെ സബ്സിഡി നല്കുന്ന പുതിയ സ്കീം രൂപീകരിച്ചു. ഇതിന്റെ ഭാഗമായി ഇതുവരെ 40 ന് മുകളിൽ എസ്റ്റേറ്റുകൾക്ക് ഡെവലപ്മെൻറ് പെർമിറ്റ് നൽകി. സംസ്ഥാനത്തെ ക്യാമ്പസുകളിൽ നിലവിലുള്ള അധിക ഭൂമി വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനായി ക്യാമ്പസ് വ്യവസായ പാർക്കുകൾ തുടങ്ങുവാനുള്ള നയവും സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കി.<br><br>സർക്കാർ സംഘടിപ്പിച്ച ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് മുഖേന 449 സ്ഥാപനങ്ങളിൽ നിന്നായി ഒരു ലക്ഷത്തി എൺപതിനായിരം കോടി രൂപയിലധികം മൂല്യമുള്ള നിക്ഷേപ താത്പര്യപത്രങ്ങൾ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ സ്വീകരിച്ച നടപടികളുടെ ഭാഗമായി സംസ്ഥാനത്തിന് ആർജ്ജിക്കുവാൻ കഴിഞ്ഞ നേട്ടങ്ങൾ വിശദമാക്കുമോ? | (ബി) | ഇത്തരത്തിൽ സ്വീകരിച്ച നടപടികളുടെ ഭാഗമായി സംസ്ഥാനത്ത് നിക്ഷേപം നടത്താൻ തയ്യാറായിട്ടുള്ള ചില വൻകിട നിക്ഷേപകരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**TCS**: TCS ലിമിറ്റഡ്, കാക്കനാടിലെ ഇലക്ട്രോണിക് മാൻഫാക്ചറിംഗ് ക്ലസ്റ്ററിൽ ഒരു ഇന്നോവേഷൻ പാർക്ക് സ്ഥാപിക്കുന്നു. പ്രതീക്ഷിച്ച നിക്ഷേപം 700 കോടി രൂപയാണ്. ഈ ക്യാമ്പസിൽ ഏകദേശം 10,000 ജീവനക്കാർ പ്രവർത്തിക്കും. |

| | | | | |
|---|---|---|---|---|
| | | | | **Tata Elxsi**: കിൻഫ്ര KFVP SEZ-ലുള്ള IT/ITES കമ്പനികൾക്കുള്ള ഒരു അത്യാധുനിക IT കെട്ടിടത്തിന്റെ (SDF ഘട്ടം I) നിർമ്മാണം പൂർത്തിയാക്കി, ഇത് പൂർണ്ണമായും ടാറ്റ എൽക്സ്സിയ്ക്ക് അലോട്ട് ചെയ്തിരിക്കുന്നു.<br><br>**Hailstone Innovation (P) Ltd**: കിൻഫ്ര ഇൻറഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ആൻഡ് ടെക്സ്റ്റൈൽ പാർക്കിൽ എസ്ഡിഎഫ് (SDF) Hailstone Innovation (P) Ltd- ന് യന്ത്ര നിർമ്മാണത്തിനും EPC സേവനങ്ങൾക്കുമായി അലോട്ട് ചെയ്തിരിക്കുന്നു.<br><br>**BPCL**: കിൻഫ്ര ഇൻറഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ആൻഡ് ടെക്സ്റ്റൈൽ പാർക്ക് (ഘട്ടം 2)-ൽ 74 എക്കർ ഭൂമിയും, ബി.പി.സി.എൽ (BPCL)- ന പെട്രോളിയം, ഓയിൽസ്, ആൻഡ് ലൂബ്രിക്കന്റ്സ് (POL) ടെർമിനൽ സ്ഥാപിക്കാൻ അനുവദിക്കപ്പെട്ടു. ഇതിൽ പൈപ്പ്ലൈനുകളുടെ ഇൻസ്റ്റലേഷൻ, നിലവിലെ LPG ടാങ്കറുകൾക്കുള്ള പാർക്കിങ് എന്നിവ ഉണ്ടായിരിക്കും.<br><br>**Kaynes Technologies:** കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്ക് പെരുമ്പാവൂരിൽ 28 ഏക്കർ ഭൂമി കൺസ്യൂമർ ഇലക്ട്രോണിക്, ഇ-കൊമേഴ്സ് ലോജിസ്റ്റിക്സ്, ആയുർവേദ, ഫുഡ് പ്രോസസിങ്, എ.ഐ റോബോട്ടിക്സ് ബ്ലോക്ക്, ആർ ആൻഡ് ഡി സെന്റർ, എസ് ഡി എഫ് ബ്ലോക്ക്, റീട്ടെയിൽ/എം എസ് എം ഇ, ഇൻക്യുബെഷൻ ബ്ലോക്ക്, പ്ലഗ് ആൻഡ് പ്ലേ ഓഫീസസ് എന്നിവയ്ക്കായി അനുവദിച്ചു നൽകിയിട്ടുണ്ട്. 350 കോടി രൂപയുടെ നിക്ഷേപവും 100 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>ഇതു കൂടാതെ V-Guard, Agappe Diagnostics, Dspace, Vensure, Systrome Technologies, Hykon, Vinvish Technologies, Kalayan Jewellery, Trans-Asian Shipping Co. എന്നീ വ്യവസായ സ്ഥാപനങ്ങളുടെ തുടർ പ്രവർത്തനങ്ങൾക്കും സംരംഭങ്ങൾക്കും ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ